പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3656 — 20.06.2018 -ൽ മറുപടിക്ക്

**ബി.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ**

| ചോദ്യം<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ-ന്യൂനപക്ഷ ഹോസ്റ്റലുകൾ, അനാഥാലയങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയിലെ താമസക്കാർക്ക് ബി.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകുവാൻ കേന്ദ്ര സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | ഉണ്ട്. സംസ്ഥാനത്തെ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, പട്ടിക ജാതി പട്ടിക വർഗ്ഗ ഹോസ്റ്റലുകൾ തുടങ്ങിയ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളെ വെൽഫെയർ സ്കീമിൽ ഉൾപ്പെടുത്തി ഓരോ അന്തേവാസിക്കും കുറഞ്ഞ നിരക്കിൽ പ്രതിമാസം 15 കിലോഗ്രാം ഭക്ഷ്യധാന്യം വിതരണത്തിനായി ലഭ്യമാക്കുന്ന തരത്തിലാണ് കേന്ദ്രം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. |
| (ബി) | ഇത് സംബന്ധിച്ച ശിപാർശ സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എത്ര പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുമെന്ന് വ്യക്തമാക്കാമോ ? | (ബി) | ഉണ്ട് ; ആകെ ഗുണഭോക്താക്കളുടെ എണ്ണം 99441. |

**സെക്ഷൻ ഓഫീസർ**